# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## സർക്കുലർ

**നമ്പർ : 18/2015/സം.തി.ക.** **തീയതി : 01.11.2015**

വിഷയം:- അന്ധതയുള്ളവരോ അവശതയുള്ളവരോ ആയ സമ്മതിദായകർക്ക് വോട്ടു ചെയ്യുന്നതിന് പ്രത്യേകം സൗകര്യം ഏർപ്പെടുത്തുന്നത് – സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 24.10.2015–ലെ 16/2015/സം.തി.ക. നമ്പർ സർക്കുലർ.

***********

സൂചനയിലെ സർക്കുലർ റദ്ദ് ചെയ്ത് കൊണ്ട് അന്ധതയുള്ളവരോ അവശതയുള്ള-വരോ ആയ സമ്മതിദായകർക്ക് വോട്ട് ചെയ്യുന്നതിന് പ്രത്യേകം സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുംവിധം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

അന്ധത മൂലമോ മറ്റു ശാരീരിക അവശതമൂലമോ ഒരു സമ്മതിദായകന് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ ബാലറ്റു യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ വോട്ടു ചെയ്യുന്നതിനുള്ള ബട്ടൺ അമർത്തി വോട്ടു രേഖപ്പെടുത്തുന്നതിനോ പരസഹായം കൂടാതെ കഴിയുകയില്ലെന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് ബോദ്ധ്യം വരുന്നപക്ഷം അദ്ദേഹത്തിനു വേണ്ടിയും അദ്ദേഹത്തിന്റെ ആഗ്രഹത്തിനനുസരിച്ചും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിൽ വോട്ടു രേഖപ്പെടുത്തുന്നതിന് 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ഒരു സഹായിയെ / മിത്രത്തെ തന്നോടൊപ്പം വോട്ടു രേഖപ്പെടുത്താനുള്ള അറയിലേയ്ക്കു കൊണ്ടു പോകുവാൻ ആ സമ്മതിദായകനെ അനുവദിക്കേണ്ടതാണ്. സമ്മതിദായകനു വേണ്ടി താൻ രേഖപ്പെടുത്തിയ വോട്ടിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിച്ചുകൊള്ളാമെന്നും അന്നേദിവസം ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ മറ്റേതെങ്കിലും സമ്മതിദായകന്റെ സഹായിയായി താൻ പ്രവർത്തിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിയ ഒരു പ്രഖ്യാപനം (അന്ധതയോ അവശതയുള്ളവരോ ആയ സമ്മതിദായകരുടെ സഹായി നൽകുന്ന പ്രഖ്യാപനം) നിർദ്ദിഷ്ട ഫോറത്തിൽ വാങ്ങേണ്ടതാണ്. ഇങ്ങനെയുള്ള എല്ലാ കേസുകളുടെയും രേഖ 22–ാം നമ്പർ ഫാറത്തിൽ സൂക്ഷിക്കേണ്ടതും ഈ ഫാറം പ്രഖ്യാപനങ്ങളോടൊപ്പം ഒരു പ്രത്യേക കവറിൽ വരണാധികാരികൾക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വിവിധ തലങ്ങളിലേയ്ക്ക് ഒരേ സമയം തിരഞ്ഞെടുപ്പ് നടക്കുന്ന സംഗതിയിൽ, വിവിധ തലങ്ങളിലുള്ള പഞ്ചായത്തുകൾക്കു വേണ്ടി അന്ധതയും അവശതയുള്ളവരുമായ സമ്മതിദായകരുടെ 22–ാം നമ്പർ ഫാറത്തിലുള്ള ലിസ്റ്റ് പ്രത്യേകം പ്രത്യേകം വയ്ക്കേണ്ടതില്ല. എല്ലാ തിരഞ്ഞെടുപ്പു-കൾക്കും കൂടി ഒരൊറ്റ ലിസ്റ്റ് മതിയാകും. പ്രത്യക്ഷത്തിൽ കാഴ്ചയ്ക്ക് തകരാറുള്ള സമ്മതിദായകരോട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിലെ ചിഹ്നങ്ങൾ വേർതിരിച്ചറിയുവാനും ശരിയായ വിധത്തിൽ അടയാളം പതിക്കുവാനും കഴിയുമോ എന്നു ചോദിക്കേണ്ടതാണ്. തനിക്കു വേണ്ടി വോട്ടു രേഖപ്പെടുത്തുന്നതിലേയ്ക്ക് ഒരു സഹായിയുടെ സേവനം നൽകുന്നതിന് ഒരു സമ്മതിദായകന്റെ നിരക്ഷരത ഒരു മതിയായ കാരണമല്ലെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ പ്രിസൈഡിംഗ് ഓഫീസറോ മറ്റേതെങ്കിലും പോളിംഗ്

ഓഫീസറോ അന്ധതയോ അവശതയുള്ളവരോ ആയ സമ്മതിദായകനോടൊപ്പം സഹായിയായി വോട്ടുരേഖപ്പെടുത്തുവാനുള്ള അറയിലേക്കു പോകുവാൻ പാടില്ല. ശാരീരിക അവശതയുള്ള വരെ ക്യൂവിൽ നിർത്താതെ പ്രത്യേകം ബാച്ചുകളായി പോളിംഗ് സ്റ്റേഷനിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടതാണ്.

**പി. ഗീത**
സെക്രട്ടറി

പകർപ്പ് :-

എല്ലാ ജില്ലാ കളക്ടർമാർക്കും
(എല്ലാ പ്രിസൈഡിംഗ് ഓഫീസർമാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്)
എല്ലാ നോഡൽ ഓഫീസർമാർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
ലാ ഓഫീസർ
സീനിയർ ഫിനാൻസ് മാനേജർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
എല്ലാ സെക്ഷൻ ഓഫീസർമാർ / അസിസ്റ്റന്റുമാർ
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
ഒപ്പ്

സെക്ഷൻ ഓഫീസർ